# ലിറ്റിൽ കൈറ്റ്സ്

**ജി എച്ച് എസ് എസ് കൊടുവള്ളി**

**മാസാന്ത്യ വാർത്താപത്രിക**

**ജനുവരി 2026**

ചീഫ് എഡിറ്റർ :ലിയ ഫാത്തിമ　　എഡിറ്റർ : ഫാത്തിമ നിദ , അനന്തു സുനീഷ് , മുഹമ്മദ് ഹാദി സി കെ　　സ്റ്റാഫ് എഡിറ്റർ റിഷ പി

## ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോ സീസൺ ഫോർ




**കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ മികവുകൾ രാജ്യത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനായി കൈറ്റ് സംഘടിപ്പിക്കുന്ന ഹരിത വിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റിഷോയുടെ നാലാം എഡിഷനിൽ ജിഎച്ച്എസ്എസ് കൊടുവള്ളി സ്കൂൾ പങ്കെടുത്തു. 2026 ജനുവരി രണ്ടിന് തിരുവനന്തപുരത്തുള്ള കൈറ്റ് സ്റ്റുഡിയോയിൽ വച്ചാണ് പരിപാടിയുടെ ചിത്രീകരണം നടന്നത്. സ്കൂളിൽ നിന്നും എട്ടു കുട്ടികളും സ്കൂൾ പ്രധാനാധ്യാപകൻ മുഹമ്മദ് മുസ്തഫ സാർ, പിടിഎ പ്രസിഡണ്ട് ആർ വി അബ്ദുൽ റഷീദ്, ലിറ്റിൽ കൈറ്റ്സ് മെന്റർ ഫിർദൗസ് ബാനു കെ, അബ്ദുറഹിമാൻ സർ എന്നിവരാണ് പരിപാടിയിൽ പങ്കെടുത്തത്. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളായ ജാസിബ് എം എം, മുഹമ്മദ് അസ്മിൽ, എസ് പി സി വി ദ്യാർത്ഥികളായ ലജ്ജ, ലയ, മാനുഷിക, റിസ അലി, യുപി വിഭാഗം വിദ്യാർത്ഥിയായ ദേവകൃപ രജീഷ്, ആയിഷ അജ് വ എന്നിവരും പങ്കെടുത്തു. സ്കൂളിന്റെ പുരോഗതിയും വൈവി ധ്യമാർന്ന പ്രവർത്തനങ്ങളും റിയാലിറ്റി ഷോയിൽ അവതരി പ്പിക്കാൻ കുട്ടികൾക്ക് സാധിച്ചു. പ്രശസ്ത വിദ്യാഭ്യാസ വിദഗ്ധരായ ഡോക്ടർ രതീഷ് കാളിയാടൻ, ഡോക്ടർ എം പി നാരായണനുണ്ണി, ഡോക്ടർ പിയൂഷ് ആന്റണി എന്നിവരുടെ നേതൃത്വത്തിലുള്ള പാനലാണ് വിദ്യാർത്ഥികളും ആയി സംസാരിച്ചത്. തങ്ങളുടെ സ്കൂളിന്റെ പ്രത്യേകതകൾ ഇതേപോലെ ഒരു വലിയ വേദിയിൽ അവതരിപ്പിക്കാൻ കഴിഞ്ഞത് കുട്ടികൾക്ക് വലിയ ആവേശമായി.**

## വൈ ഐ പി സംസ്ഥാനതല വിജയികൾ



**കൊടുവള്ളി: യങ്ങ് ഇന്നൊവേറ്റേർസ്സ് പ്രോഗ്ഗ്രാമിന്റെ ഭാഗമായി (YIP) 2026 ജനുവരി 10 നുപാലക്കാട് ഗവൺമന്റ് മോയാൻ മോഡൽ ഗേൾസ്ഹൈസ്കൂളിൽ വെച്ചു നടന്ന YIP ശാസ്ത്ര പഥം 8.0 സംസ്ഥാന തലഇവാല്യേഷനിൽ കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറിസ്കൂളിലെ രണ്ട് വിദ്യാർഥികൾ തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനത്ത് വിവിധ ജില്ലകളിലെ വിദ്യാലയങ്ങളിൽ നിന്ന് 505 കുട്ടികളും 201 ഐഡിയകളും മത്സരത്തിൽ പങ്കെടുത്തു. സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കും ടീമിനും 75000 രൂപയും സർട്ടിഫിക്കറ്റും ഗ്രേസ് മാർക്കുകളും ലഭിക്കും. കൂടാതെ ജനുവരി 30 മുതൽ ഫെബ്രുവരി 2 ആം തിയ്യതി വരെ തിരുവനന്തപുരത്ത് വെച്ച് നടക്കുന്ന സയൻസ് കോൺഗ്രസിൽ പങ്കെടുക്കുവാനും ഫെബ്രുവരി 5 ആം തിയ്യതി കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ പിണറായി വിജയനോടൊപ്പം ഇന്ററാക്ഷൻ സെഷനിൽ പങ്കെടുക്കുവാനും അവസരം ലഭിക്കും.സ്കൂളിലെ എടിഎല്ലിലെ ടാലന്റ് ടീം അംഗങ്ങളും ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുമായ ജാസിബ് എം എം ,മുഹമ്മദ് അസ്മിൽ എന്നീ കുട്ടികളടങ്ങുന്ന ടീമാണ് ഈ നേട്ടങ്ങൾ കരസ്ഥമാക്കിയത്. വിജയികളെ ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ പിടിഎയും എസ്എംസി യും അധ്യാപകരും അനുമോദിച്ചു.**

## ഹരിത വിദ്യാലയം റിയാലിറ്റി ഷോ: ജി.എച്ച്.എസ്.എസ് കൊടുവള്ളിയുടെ പ്രകടനം നാടിന് അഭിമാനമായി

### ബസ് സ്റ്റാൻഡിൽ തത്സമയ പ്രദർശനം



കൊടുവള്ളി: ഹരിത വിദ്യാലയം റിയാലിറ്റി ഷോ സീസൺ നാലിലെ 45–ാം എപ്പിസോഡിൽ ജി.എച്ച്.എസ്.എസ് കൊടുവള്ളി നടത്തിയ മികച്ച അവതരണം നാടിനും നാട്ടുകാർക്കും വിസ്മയമായി. സ്കൂളിന്റെ അഭിമാന കരമായ പ്രകടനം കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്തപ്പോൾ, അത് കൊടുവള്ളി ബസ് സ്റ്റാൻഡിൽ വെച്ച് ബിഗ് സ്ക്രീനിൽ പ്രദർശിപ്പിച്ചു. കൊടുവള്ളി ദേശത്തെ ജനങ്ങളും രക്ഷിതാക്കളും വിദ്യാർത്ഥികളും അടങ്ങുന്ന വൻ സദസ്സ് പരിപാടി വീക്ഷിക്കാൻ എത്തിച്ചേർന്നിരുന്നു. പൊതുവിദ്യാലയങ്ങളിൽ മികവുറ്റ പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂളുകൾ മാറ്റുരയ്ക്കുന്ന വേദിയാണ് ഹരിത വിദ്യാലയം റിയാലിറ്റി ഷോ. തിരുവനന്തപുരത്ത് വെച്ച് നടന്ന ഈ പരിപാടിയിൽ സ്കൂളിനെ പ്രതിനിധീകരിച്ച് എട്ട് വിദ്യാർത്ഥികളും ഹെഡ്മാസ്റ്ററും പി.ടി.എ പ്രസിഡന്റും രണ്ട് അധ്യാപകരും അടങ്ങുന്ന സംഘമാണ് പങ്കെടുത്തത്. കൊടുവള്ളി ബസ് സ്റ്റാൻഡിൽ സംഘടിപ്പിച്ച പ്രദർശന പരിപാടിയുടെ ഉദ്ഘാടനം കൊടുവള്ളി മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ യു.കെ ഖാദർ നിർവഹിച്ചു. എസ്.എം.സി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര, പി.ടി.എ പ്രസിഡണ്ട് അബ്ദുൽ റഷീദ്, ഹെഡ്മാസ്റ്റർ മുഹമ്മദ് മുസ്തഫ, ഹരിത വിദ്യാലയം കൺവീനർമാരായ ഫിർദൗസ് ബാനു, അബ്ദുറഹ്മാൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു. സ്കൂളിലെ മുഴുവൻ അധ്യാപകരും പി.ടി.എ എക്സിക്യൂട്ടീവ് അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് ജി.എം.എൽ.പി.എസ് പറമ്പത്ത് കാവ് സ്കൂളിലെ വാർഷികാഘോഷ വേദിയിലും ഈ എപ്പിസോഡിന്റെ പ്രദർശനം നടന്നു.

## കൊടുവള്ളി ഗവണ്മെന്റ് ഹയർസെക്കൻഡറി സ്കൂളിൽ റേഡിയോ നെല്ലിക്ക




കുട്ടികൾക്കായുള്ള കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഇന്റർനെറ്റ് റേഡിയോ ആയ റേഡിയോ നെല്ലിക്ക സ്കൂളിൽ എത്തി. കോഴിക്കോട് ജില്ലയിൽ റേഡിയോ നെല്ലിക്ക പര്യടനത്തിൽ തെരഞ്ഞെടുക്കപ്പെട്ട മൂന്ന് സ്കൂളുകളിൽ ഒന്നാണ് ജിഎച്ച്എസ്എസ് കൊടുവള്ളി. സ്കൂൾ സംഗീതാ അധ്യാപകൻ ബാബു സാറിന്റെ നേതൃത്വത്തിൽ കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു. സ്കൂൾ പ്രധാന അധ്യാപകൻ മുഹമ്മദ് മുസ്തഫ സാർ സ്റ്റാഫ് സെക്രട്ടറി സുബൈദ വി ഫിർദൗസ് ബാനു ടീച്ചർ മ്യൂസിക് ക്ലബ്ബിലെ അംഗങ്ങൾ എന്നിവർ പങ്കെടുത്തു. വിദ്യാഭ്യാസത്തെ വിനോദവുമായി ലയിപ്പിച്ച് കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള കൃത്യമായ അറിവ് നൽകി അവരെ ശാക്തീകരിക്കുന്ന ഒരു നൂത ന ഡിജിറ്റൽ സംരംഭമാണ് റേഡിയോ നെല്ലിക്ക. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾ പരിപാടിയുടെ ഡോക്യു മെന്റേഷൻ നടത്തി

## ജനുവരി മാസത്തിലൂടെ

ജനുവരി 1 :ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുതുവർഷ ആശംസ പോസ്റ്ററുകളും വീഡിയോസും തയ്യാറാക്കി.

ജനുവരി 2 : ഹരിത വിദ്യാലയം റിയാലിറ്റി ഷോ സീസൺ ഫോറിന്റെ ഷൂട്ടിങ്ങിൽ സ്കൂളിൽ നിന്നുള്ള ടീം അംഗങ്ങൾ പങ്കെടുത്തു.

ജനുവരി 5 : കുട്ടിക്കൂട്ടം വിദ്യാർത്ഥികൾക്ക് പുതുവത്സര സമ്മാനമായി വിത്ത് പേന കൈമാറി.

ജനുവരി 6 : കൊടുവള്ളി ആരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകർ 5 മുതൽ 10 വരെയുള്ള കുട്ടികൾക്ക് ആരോഗ്യ പരിശോധന നടത്തി.ഉച്ച യ്ക്ക് 2 30 മുതൽ 4 മണി വരെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കും ഓൺലൈൻ പരിശീലനം നടന്നു.

ജനുവരി 7 : ലിറ്റിൽ കൈറ്റ്സ് ക്ലാസ് നടന്നു. ഖൊ ഖൊ പരി ശീലന പരിപാടി നടന്നു.

ജനുവരി 8 : മാലിന്യ സംസ്കരണത്തിന് വിപുലമായ സൗകര്യങ്ങൾ ഒരുക്കി. 9,10 ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കായി ഫീൽഡ് ട്രിപ്പ് സംഘ ടിപ്പിച്ചു.

ജനുവരി 9 : ഐഐഎസ് ഫൗണ്ടേഷൻ കോഴ്സിലേക്കുള്ള എൻട്രൻ സ് എക്സാം ഉച്ചയ്ക്ക് 1 30 നും 2 30 നും ഇടയിൽ ഡൈനിങ് ഹാളിൽ വച്ച് നടന്നു. പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കായി മോട്ടിവേ ഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ പത്താം ക്ലാസി ൽ റോബോട്ടിക്ക് ക്ലാസ് നടത്തി പത്താം ക്ലാസിലെ വിദ്യാർത്ഥികൾ ക്കുള്ള സീരീസ് ടെസ്റ്റ് ആരംഭിച്ചു.

ജനുവരി 10 ; വൈ ഐപി സംസ്ഥാന മത്സരത്തിൽ രണ്ടു കുട്ടികൾ പങ്കെടുത്തു

ജനുവരി 12 : ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് പരിപാടി സംഘടിപ്പിച്ചു. അൽ മാഹിർ ടാലന്റ് പരീക്ഷ നടന്നു. 2025 – 28 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർ ത്ഥികൾക്കുള്ള റുട്ടീൻ ക്ലാസ് ഹൈസ്കൂൾ ഐടി ലാബിൽ വച്ച് നടന്നു.

ജനുവരി 14 : ഹരിത വിദ്യാലയം ടീം സ്കൂൾ സന്ദർശിച്ചു. പത്താം ക്ലാസിലെ രക്ഷിതാക്കൾക്ക് മോട്ടിവേഷൻ ക്ലാസും നടന്നു . ക്രിസ്മസ് പരീക്ഷയ്ക്ക് മികച്ച പ്രകടനം കാഴ്ച വെച്ച പത്താം ക്ലാസിലെ വിദ്യാർഥികളെ അനുമോദിച്ചു.

ജനുവരി 15 : 9,10 ക്ലാസിലെ ക്ലാസിലെ പിടിഎ വ്യാഴാഴ്ച നടന്നു. 5 മുതൽ 10 വരെ ക്ലാസിലെ കുട്ടികൾ സമ്മതപത്രം നൽകിയ കുട്ടികൾക്ക് ജപ്പാൻ മസ്തിഷ്കജ്വരത്തിനെതിരെയുള്ള വാക്സിൻ ക്യാമ്പയിൻ 2026 നടന്നു. റേഡിയോ നെല്ലിക്കയുടെ പ്രചാരണ പരിപാടികൾ സ്കൂളിൽ ഗ്രൗണ്ടിൽ വെച്ച് നടന്നു.

ജനുവരി 16 : യുപി വിഭാഗം ക്ലാസ് പിടിഎ നടന്നു.

ജനുവരി 17 : spc പഠനയാത്ര സംഘടിപ്പിച്ചു.

ജനുവരി 20 : എൽകെ ടീം സ്കൂളിൽ സന്ദർശനം നടത്തി.

ജനുവരി 21 : സ്കൂളിൽ പരീക്ഷ നടന്നു സ്കൂളിൽ നിന്നും 54 കുട്ടികൾ താമരശ്ശേരി സ്കൂളിൽ വച്ച് പരീക്ഷ എഴുതി

ജനുവരി 22 : ഐഐഎസ് ഫൗണ്ടേഷൻകോഴ്സിൻറെ ഉദ്ഘാടനവും മോട്ടിവേഷൻ ക്ലാസും ഹയർസെക്കൻഡറി ഓഡിറ്റോറിയത്തിൽ വെച്ച് ഉച്ചയ്ക്ക് രണ്ടുമണിക്ക് നടന്നു മോട്ടിവേറ്റർനിയാസ് ചോലയിൽ ക്ലാസ് എടുത്തു.

ജനുവരി 23 : സോഷ്യൽ സയൻസ് ക്ലബ്ബിൻറെ നേതൃത്വത്തിൽ റിപ്പബ്ലിക് ദിനക്വിസ് മത്സരം നടന്നു. സ്കൂളിലെ ജാസിബും അസ്മിലും വൈ ഐ പി സ്റ്റേറ്റ് ലെവൽ വിന്നേഴ്സ് ആയി തിരഞ്ഞെടുക്കപ്പെട്ടു

ജനുവരി 26 : റിപ്പബ്ലിക് ദിനം വിവിധ പരിപാ ടികളോടെ ആഘോ ഷിച്ചു.

ജനുവരി 27 : പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കുള്ള നൈറ്റ് ക്യാമ്പ് വിക്ടറി വൈബ്സ്2026 ആരംഭിച്ചു.

ജനുവരി 31: ഹരിത വിദ്യാലയം റിയാലിറ്റി ഷോ ബിഗ് സ്ക്രീൻ പ്രദർശനം വൈകു ന്നേരം ഏഴുമണിക്ക് കൊടുവള്ളി ബസ് സ്റ്റാൻഡ് പരിസരത്ത് വെച്ച് നടന്നു . തുടർന്ന് നൂറാം വാർഷികം ആഘോഷി ക്കുന്ന പറമ്പത്ത് കാവ് സ്കൂളിലും പ്രദർശിപ്പിച്ചു.

## റിപ്പബ്ലിക് ദിനം



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ റിപ്പബ്ലിക് ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. പ്രധാനാദ്ധ്യാപകൻ മുഹമ്മദ് മുസ്തഫ പതാക ഉയർത്തി. പിടിഎ പ്രസിഡണ്ട് ആർ വി അബ്ദുൽ റഷീദ് എസ് എംസി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര,. സ്റ്റാഫ് സെക്ര ട്ടറി സുബൈദ, യു പി വിഭാഗം സീനിയർ നിഷ ടീച്ചർ എസ് ആർ ജി കൺവീനർ കെ എൻ ബഷീർ സാർ എന്നിവർ സംസാരിച്ചു. സ്കൂളിലെ സംഗീതാധ്യാപ കനായ ബാബു സാറിന്റെ നേതൃത്വത്തിൽ കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ പരിപാ ടിയുടെ ഡോക്യുമെന്റേഷൻ നടത്തി.

## ഹരിത വിദ്യാലയം ടീം സന്ദർശനം



**കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഹരിത വിദ്യാലയം ടീം സന്ദർശിച്ചു. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ മികവുകൾ രാജ്യത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനായി കൈറ്റ് സംഘടിപ്പിക്കുന്ന ഹരിത വിദ്യാലയം വിദ്യാഭ്യാസ വെള്ളിയാലിറ്റി ഷോയുടെ നാലാം എഡിഷനിൽ സ്കൂൾ പങ്കെടുത്തതിനെ തുടർന്ന് ജൂറി അംഗങ്ങൾ സ്കൂൾ സന്ദർശിച്ചു. വിവിധ ക്ലാ സുകളിലെ കുട്ടികളുമായി സംസാരിച്ചു. സ്കൂളിലെ വിവിധ ലാബുകൾ ആർട്ടിഫി ഷൽ ഇന്റലിജൻസ് ലാബ്, അഡൽ ടിങ്കറിംഗ് ലാബ്,സയൻസ് ലാബ്,കമ്പ്യൂട്ടർ ലാബ് എന്നിവ സന്ദർശിച്ചു. കൂടാതെ പ്രധാനാധ്യാപകൻ മുസ്തഫ സാർ പ്രി ൻസിപ്പാൾ രഞ്ജിത്ത് സാർ പിടിഎ പ്രസിഡന്റ് ആർ വി അബ്ദുൽ റഷീദ്,എസ് എം സി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര മറ്റ് സ്കൂൾ ഭാരവാഹികളുമായി സംവദിച്ചു.**

## വിത്ത് പേന വിതരണം ചെയ്തു




കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ കൈറ്റ്സ് കുട്ടിക്കൂട്ടം ക്ലബ്ബിലെ അംഗങ്ങൾക്ക് വിത്ത് പേന വിതരണം ചെയ്തു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന കൈറ്റ് സ് കുട്ടിക്കൂട്ടം അംഗങ്ങളായ 6, 7 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് വിത്ത് പേന വിതരണം ചെയ്തത്. സ്കൂളിന്റെയും ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെയും പേരിൽ കുട്ടികൾക്ക് ക്രിസ്തുമസ് പുതുവത്സരാശംസകൾ നേർന്നു കൊണ്ടാണ് പേന തയ്യാറാക്കിയത്. പിടിഎ പ്രസിഡന്റ് ആർ വി അബ്ദുൽ റഷീദ്, പ്രധാനാധ്യാപകൻ മുഹമ്മദ് മുസ്തഫ , ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ഫിർദൗസ് ബാനു കെ, റീഷ പി , ആതിര പ്രിൻസി എന്നീ അധ്യാപകരും പങ്കെടുത്തു.


## ക്രാക്ക് എക്സാം കോഡ്



**ബീ പോസിറ്റീവ് ബി ഹാപ്പി**

കൊടുവള്ളി : കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കായി മോട്ടിവേഷൻ ക്ലാസ് സംഘടിപ്പിച്ചു. സിജി ട്രെയിനറും എഴുത്തുകാരനും ആയ ഹബീബ് റഹ്മാൻ സൈക്കോളജിക്കൽ കൗൺസിലറായ ഷബീന കബീർ എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു. പരീക്ഷയെ പേടി കൂടാതെ എങ്ങനെ അഭിമുഖീകരിക്കാം, മെമ്മറി ടെക്നിക്സ് ,ഗോൾ സെറ്റിംഗ്സ് തുടങ്ങി നീ വിവിധ കാര്യങ്ങൾ ക്ലാസ്സിൽ ചർച്ച ചെയ്തു.സ്കൂൾ പ്രധാനാദ്ധ്യാപകൻ മുഹമ്മദ് മുസ്തഫ സാർ ക്ലാസ് ഉദ്ഘാടനം ചെയ്തു. വിജിയോത്സവം കൺവീനറായ മുഹമ്മദ് സാർ പത്താം ക്ലാ സ് അധ്യാപകരായ ഹരിത ടീച്ചർ സതീഷ് സാർ എന്നിവരും പങ്കെടുത്തു.

## റോബോട്ടിക്സ് ക്ലാസ്



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ ലിറ്റിൽ കൈറ്റ് സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ റോബോട്ടിക് ക്ലാസ് സംഘടിപ്പിച്ചു .പത്താം ക്ലാസിലെ ഐടി ടെക്സ്റ്റ് ബുക്കിലെ പാഠ ഭാഗമായ റോബോട്ടിക്സ് ലെ പ്രവർത്ത നങ്ങളാണ് കുട്ടികൾ ചർച്ച ചെയ്തത്. 9, 10 ക്ലാസുകളിലെ ലിറ്റിൽ കൈറ്റസ് ക്ലബ്ബ് അംഗങ്ങൾ ക്ലാസുകൾ കൈകാര്യം ചെയ്തു. ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ഫിർദൗസ് ബാനു കെ, റീഷ പി എന്നിവർ നേതൃത്വം നൽകി.

## ഐ.എ.എസ് ഫൗണ്ടേഷൻ പരിശീലനം




കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാർത്ഥികൾക്കായുള്ള ഐ.എ.എസ് (IAS) ഫൗണ്ടേഷൻ പരിശീലനം ആ രം ഭിച്ചു. അഞ്ചാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും യോഗ്യത പരീക്ഷയിലൂടെ തിര ഞ്ഞെടുക്കപ്പെട്ട 25 വിദ്യാർത്ഥികൾക്കാണ് ആദ്യ ഘട്ടത്തിൽ പരിശീലനം നൽകുന്നത്. ചെറിയപ്രായ ത്തിൽ തന്നെ വിവിധ മത്സര പരീക്ഷകളെ അഭിമുഖീകരിക്കാൻ വിദ്യാർത്ഥികളെ സജ്ജരാക്കുകയാണ് പരിശീലനത്തിന്റെ ലക്ഷ്യം. വാർഡ് കൗൺസി ലർ ഷബ്ന സുനീർ ഉദ്ഘാടനം ചെയ്തു.എ സ്. എം. സി ചെയർമാൻ മുഹമ്മദ് കുണ്ടുങ്ങര അദ്ധ്യക്ഷത വഹിച്ചു..പി.ടി.എ പ്രസിഡണ്ട് ആർ വി അബ്ദുൾ റഷീദ്, പ്രിൻസിപ്പൾ ആർ.കെ.രഞ്ജിത്ത്,പ്രധാന അധ്യാ പ കൻ പി.ടി മുഹമ്മദ് മുസ്തഫ,സ്റ്റാഫ് സെക്രട്ടറി വി.സുബൈദ,കോഴ്സ് കോർഡിനേറ്റർമാരായ അബ്ദുറഹി മാൻ, ഷംസീറ, നിഷ എന്നിവർ സംസാരിച്ചു. മർക്കസ് ഗേൾസ് ഹൈസ്കൂൾ പ്രധാന അധ്യാപകനും, മോട്ടി വേഷൻ സ്പീക്കറുമായ നിയാസ് ചോലയിൽ നമുക്കും ഉയരങ്ങൾ കീഴടക്കാം എന്ന വിഷയത്തിൽ ക്ലാസിന് നേതൃത്വം നൽകി.

## ഐ.എ.എസ് ഫൗണ്ടേഷൻ കോഴ്സ്: പ്രവേശന പരീക്ഷ നടത്തി



കൊടുവള്ളി: കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പുതുതായി ആരംഭിക്കുന്ന ഐ.എ.എസ് ഫൗണ്ടേഷൻ കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ സംഘടിപ്പിച്ചു. അഞ്ച് മുതൽ പത്ത് വരെ ക്ലാസുകളിലായി അഞ്ച് വർഷം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയാണിത്.സ്കൂൾ പ്രിൻസിപ്പാൾ രഞ്ജിത്ത് മാസ്റ്റർ, പ്രധാനാദ്ധ്യാപകൻ മുഹമ്മദ് മുസ്തഫ, യു.പി വിഭാഗം സീനിയർ അധ്യാപിക നിഷ ടീച്ചർ, കൺവീനർ അബ്ദുറഹ്മാൻ മാസ്റ്റർ, ഷംസീറ ടീച്ചർ എന്നിവർ പരീക്ഷാ നടപടികൾക്ക് നേതൃത്വം നൽകി.പത്താം ക്ലാസ് പൂർത്തിയാക്കുമ്പോഴേക്കും കുട്ടികളിൽ സിവിൽ സർവീസ് അഭിരുചി വളർത്തിയെടുക്കാനും, ഫൗണ്ടേഷൻ കോഴ്സ് സിലബസുകളിൽ മികച്ച പ്രാവിണ്യം നേടിക്കൊടുക്കാനുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു



**കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു. കോഴിക്കോട് ജില്ലയിലെ പെരിങ്ങള ത്തെ മിൽമ ഡയറി ഫാം സന്ദർശിക്കുകയും അവിടെയുള്ള വിവിധ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു.9,10 ക്ലാസുകളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് ഫീൽഡ് ട്രിപ്പിൽ പങ്കെടുത്തത്. ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ഫിർദൗസ് ബാനു കെ, റീഷ പി എന്നിവർ നേതൃത്വം നൽകി. അധ്യാപകരായ സുബൈദ വി. മൊയ്തീൻ ബാവ എന്നിവരും പങ്കെടുത്തു.**

## അനുമോദനവും ബോധവൽക്കരണ ക്ലാസും




കൊടുവള്ളി: കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്കുടെ രക്ഷി താക്കൾക്കായി പ്രത്യേകം ക്ലാസ് സംഘ ടിപ്പിച്ചു. ഹയർസെക്കൻഡറി അധ്യാപകൻ ഫിറോസ് സാറാണ് ക്ലാസ് നയിച്ചത്. തുടർന്ന് എസ്എസ്എൽസി ക്ലാസുകളിലെ രക്ഷിതാക്കൾക്കുള്ള പ്ര ത്യേകം മീറ്റിംഗ് നടന്നു .ക്രിസ്തുമസ് പരീക്ഷ യിൽ മികച്ച പ്രകടനം കാഴ്ചവച്ച എല്ലാ വി ദ്യാർത്ഥികളെയും അനുമോദിച്ചു. പരിപാടി പ്രധാനാധ്യാപകൻ മുഹമ്മദ് മുസ്തഫ സാർ ഉദ്ഘാടനം ചെയ്തു. കൺവീനർ മുഹമ്മദ് സാർ, സ്റ്റാഫ് സെക്രട്ടറി വി സുബൈദ, പത്താം ക്ലാസ് അധ്യാപകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## നൈറ്റ് ക്യാമ്പ്

പത്താം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കുള്ള നൈറ്റ് ക്യാമ്പ് ടീം വിജയോത്സ വം വിക്ടറി വൈബ്സ് 2026 ൻ്റെ നേതൃത്വത്തിൽആരംഭിച്ചു. വൈകുന്നേരം 5 മണിക്ക് തുടങ്ങി 6.15 വരെ ഒരു സെഷനുംഅതിനു ശേഷം രക്ഷി താക്കളുടെ സഹായത്തോടെ ഭക്ഷണം കൊടുത്ത് 6 .45 ന് വീണ്ടും ക്ലാസ്സ് ആരംഭിച്ച് രാത്രി 8 മണിയോട് കൂടി അവസാനിപ്പി ക്കുന്ന രീതിയിൽഎല്ലാ വിഷയങ്ങളും ഉൾ പ്പെടുത്തിക്കൊ ണ്ട് ഒരാഴ്ച നീളുന്ന ക്യാമ്പ് രക്ഷിതാക്കളുടെയും അധ്യാപക രുടെയും അനധ്യാപകരുടെയു സഹായത്തോടെ ഗംഭീര മായി നടന്നു.

## എൽകെ വിസിറ്റ്

കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ എൽകെ ടീം സന്ദർശിച്ചു. കോഴിക്കോട് ഡിആർസിയിൽ നിന്നും ഉള്ള 3 സബ്ജില്ല മാസ്റ്റർ ട്രെയിനർമാരാണ് സ്കൂൾ സന്ദർശിച്ചത്. ലിറ്റിൽ കൈറ്റ്സ് രജിസ്റ്ററുകൾ പരിശോധിക്കുകയും മൂന്ന് ബാച്ചിലെ കുട്ടികളുമായി സംവദിക്കുകയും ചെയ്തു .

# 2026 ജനുവരി മാസത്തിലൂടെ ജി എച്ച് എസ് എസ് കൊടുവള്ളി



























SPC STUDY TOUR


LK ROUTINE CLASSES AND MEETING


Kites kuttikkoottam










SSLC TOPPERS


Class Topppers 9A


CLASS TOPPERS 8B


CLASS TOPPERS 8A


Class Toppers 5E
GHSS KODUVALLY


Class PTA


IAS FOUNDATION COURSE
INAUGURATION &
MOTIVATION CLASS
22nd January 2026, 2 pm
Higher Secondary Auditorium
GHSS Koduvally
Chief Guests : NIYAS CHOLAYIL


കൈറ്റ്സ് കുട്ടിക്കൂട്ടം


LK VISIT
I AM AN INNOVATOR


ഹരിത വിദ്യാലയം
2026 ജനുവരി 31
ജി.എച്ച്.എസ്.എസ് കൊടുവള്ളി


ജി.എച്ച്.എസ് എസ് കൊടുവള്ളി
ബസ്സ്റ്റാൻ്റിൽ
കെ.കെ.എ കാദർ


എസ്.പി.സി യൂണിറ്റ്
GHSS കൊടുവള്ളി
ഊട്ടിയിലേക്കൊരു പഠനയാത്ര
2026 ജനുവരി 17 ശനിയാഴ്ച


Chief Ministers Mega Quiz
മെഗാക്വിസ്
5 ലക്ഷം


IAS FOUNDATION COURSE
INAUGURATION & MOTIVATION CLASS
MOTIVATOR
NIYAS CHOLAYIL
Ignite Your Dreams. Serve the Nation.
GHSS Koduvally | IAS Academy


അല്ലാമ ഇഖ്ബാൽ ഉർദു ടാലന്റ് മീറ്റ്
സ്കൂൾ തലം
19 ജനുവരി 2026



VICTORY VIBES-2026
Vijayothsavam
GHSS KODUVALLY
NIGHT CAMP
27-01-26
to
31-01-26


HARITHA VIDYALAYAM
REALITY SHOW
GHSS KODUVALLY
PROUDLY PARTICIPATES!
31 JANUARY • 7:30 PM
WATCH LIVE ON VICTORS CHANNEL
CELEBRATING EDUCATION, ENVIRONMENT & CULTURE TOGETHER!


GHSS KODUVALLY
സ്നേഹം പദ്ധതി
പ്രശംസാ വാരം
GHSS KODUVALLY
സ്നേഹം പദ്ധതി
ശാസനയില്ലാ വാരം


GHSS KODUVALLY
CENTER OF EXCELLENCE & INNOVATION
KEY FEATURES:
IAS FOUNDATION COURSE
FIRST AI LAB IN THE DISTRICT
ATL & IT LABS
CREATIVE CORNER
SPC, LITTLE KITE, JRC UNITS
Empowering the Future Generation
ADMISIONS OPEN FOR CLASSES 5 TO 9


CPTA
10th std
14-01-2026
1:30 PM
All parents are invited


CPTA MEETING
Std. 8,9
15/01/'26- വ്യാഴം
3pm